# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 24 — 30-11-2015 ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം തുറമുഖ പദ്ധതി - പുനരധിവാസ പാക്കേജ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി. ശിവൻകുട്ടി :<br>ശ്രീ. എം. എ. ബേബി :<br>ശ്രീ. ബി. സത്യൻ :<br>ശ്രീ. പി. കെ. ഗുരുദാസൻ : | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്തെ മത്സ്യത്തൊഴിലാളികളും കടലുമായി ബന്ധപ്പെട്ട് തൊഴിൽ എടുക്കുന്നവരും അവഗണിക്കപ്പെടുന്നതായി അറിയാമോ ; എങ്കിൽ ഇത് തിരുത്താൻ നടപടി സ്വീകരിക്കുമോ ; | (എ) | വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്തെ മത്സ്യതൊഴിലാളികളെയും കടലുമായി ബന്ധപ്പെട്ട് തൊഴിലെടുക്കുന്നവരെയും, തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട നഷ്ടപരിഹാര പുനരധിവാസ പ്രവർത്തനങ്ങളിൽ അവഗണിച്ചിട്ടില്ല. |
| (ബി) | പദ്ധതിക്കായി തൊഴിലും തൊഴിലിടങ്ങളും നഷ്ടപ്പെടുന്നവരുടെ സുരക്ഷ ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. വിഴിഞ്ഞം തുറമുഖ വികസനം മൂലം പദ്ധതി പ്രദേശത്ത് തൊഴിലും തൊഴിലിടങ്ങളും നഷ്ടപ്പെടുന്നവരെ കണ്ടെത്തുന്നതിനും അവർക്ക് നഷ്ടപരിഹാര പുനരധിവാസ പാക്കേജ് തയ്യാറാക്കുന്നതിനുമായി തിരുവനന്തപുരം, റവന്യൂ ഡിവിഷണൽ ഓഫീസർ ചെയർമാനായി ഒരു കമ്മിറ്റിയും (Livelihood Impact Appraisal Committee - LIAC) ഇതിന്മേലുയരുന്ന ആക്ഷേപങ്ങൾ പരിഗണിയ്ക്കുന്നതിനായി തിരുവനന്തപുരം ജില്ലാകളക്ടർ ചെയർമാനായ ഒരു അപ്പീൽ കമ്മിറ്റിയും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. LIAC തയ്യാറാക്കിയ റിപ്പോർട്ട് 2015 സെപ്റ്റംബർ മാസം 18-ാം തീയതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന്മേൽ ലഭിച്ചിട്ടുള്ള പരാതികൾ അപ്പീൽ കമ്മിറ്റി പരിശോധിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | സർക്കാർ പ്രഖ്യാപിച്ച പുനരധിവാസ പാക്കേജിൽ ഉൾപ്പെടാതെ പോയിട്ടുള്ളവരെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ; | (സി) | LIAC കമ്മിറ്റി 2015 സെപ്റ്റംബർ 18-ാം തീയതി പ്രസിദ്ധീകരിച്ച റിപ്പോർട്ടിന്മേൽ 18800 ൽപ്പരം പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതികൾ LIAC അപ്പീൽ കമ്മിറ്റി പരിശോധിച്ചു വരുന്നു. |
| (ഡി) | പാക്കേജിന്റെ ഭാഗമായി പുനരധിവാസ പ്രവർത്തനങ്ങൾക്ക് നാളിതുവരെ ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ ; | (ഡി) | പദ്ധതി വികസനവുമായി ബന്ധപ്പെട്ട് പുനരധിവാസ പ്രവർത്തനങ്ങൾ വേണ്ടിവരുന്നത് പ്രധാനമായും രണ്ട് വിഭാഗങ്ങൾക്കാണ്:-<br>1) പദ്ധതിയ്ക്കായി വീടും സ്ഥലവും ഏറ്റെടുത്തതുമൂലം പുനരധിവാസം വേണ്ടിവരുന്നവരും<br>2) പദ്ധതിയുടെ വികസനം മൂലം തൊഴിലിനെ ബാധിയ്ക്കുന്നവരുടെ പുനരധിവാസവും.<br><br>ഇതിൽ 1-ാം വിഭാഗത്തിൽപ്പെടുന്ന 67 കുടുംബങ്ങളുടെ പുനരധിവാസത്തിനായി 11.39 കോടി രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. 2-ാം വിഭാഗത്തിൽപ്പെടുന്നവരുടെ പുനരധിവാസ തുക LIAC അപ്പീൽ കമ്മിറ്റിയുടെ റിപ്പോർട്ട് പൂർത്തിയാകുന്ന മുറയ്ക്കേ കണക്കാക്കാനാവൂ. |
| (ഇ) | പുനരധിവാസ പദ്ധതികൾക്കായി അദാനി ഗ്രൂപ്പ് ചെലവഴിക്കാമെന്ന് ഉറപ്പ് നൽകിയ തുക എത്ര; ഇതിനകം ചെലവഴിച്ച തുക എത്ര; | (ഇ) | പുനരധിവാസ പദ്ധതികൾക്കുള്ള തുക ചെലവഴിക്കേണ്ടത് സംസ്ഥാന സർക്കാരിന്റെ ചുമതലയാണ്. |
| (എഫ്) | പുനരധിവാസവുമായി ബന്ധപ്പെട്ട് ഇനിയും തീരുമാനം കൈക്കൊള്ളാൻ അവശേഷിക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ? | (എഫ്) | LIAC അപ്പീൽ കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് അത് പരിശോധിച്ച് അംഗീകാരം നൽകുകയും തുടർന്ന് തൊഴിൽ നഷ്ടപ്പെടുന്നവരുടെ പുനരധിവാസം പൂർത്തീകരിക്കുകയുമാണ് അവശേഷിക്കുന്ന നടപടികൾ. |

സെക്ഷൻ ഓഫീസർ